**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2051</u>** **<u>05.12.2018-ൽ മറുപടിയ്ക്ക്</u>**

## <u>തിരുവനന്തപുരം,കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നിർമ്മാണം സംബന്ധിച്ച പുരോഗതി വെളിപ്പെടുത്തുമോ; | (എ) 2017 ആഗസ്റ്റ് മാസം കേന്ദ്രസർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കുയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് താമസിയാതെ സംസ്ഥാന മന്ത്രിസഭ പരിഗണിക്കുകയും ആവശ്യമായ തുടർനടപടികളെക്കുറിച്ച് തീരുമാനം എടുക്കുകയും ചെയ്യുന്നതാണ്. |

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(ബി)** ഡൽഹി മെട്രോ കോർപ്പറേഷൻ സമർപ്പിച്ച രൂപരേഖയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ആകെ ചെലവ് എത്ര കോടി രൂപയായിരുന്നു;

**(ബി)** ഡി.എം.ആർ.സി സമർപ്പിച്ച പദ്ധതി റിപ്പോർട്ട് പ്രകാരം തിരുവനന്തപുരത്ത് പദ്ധതി പൂർത്തിയാക്കുമ്പോൾ പ്രതീക്ഷിക്കുന്ന ആകെ ചെലവ് 4673 കോടി രൂപയും, കോഴിക്കോട് ലൈറ്റ് മെട്രോക്ക് 2773 കോടി രൂപയുമാണ്.

**(സി)** ഡി.എം.ആർ.സി സമർപ്പിച്ച പദ്ധതി റിപ്പോർട്ട്, പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഐ.എ.എസ് ഉദ്യോഗസ്ഥരുടെ ഒരു സമിതിയെ നിയമിച്ചിരുന്നോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.എം.ആർ.സി സമർപ്പിച്ച റിപ്പോർട്ടിൽ അടിസ്ഥാനപരമായ എന്തൊക്കെ മാറ്റങ്ങളാണ് ഉദ്യോഗസ്ഥരുടെ സമിതി നിർദ്ദേശിച്ചത്; വ്യക്തമാക്കാമോ ;

**(സി)** തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി യ്ക്ക് സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സമിതി ഡി.എം.ആർ.സി -യുടെ റിപ്പോർട്ടിന്മേൽ മാറ്റങ്ങളൊന്നും നിർദ്ദേശിച്ചിട്ടില്ല. ആദ്യ വർഷങ്ങളിൽ പ്രതീക്ഷിക്കുന്ന വരുമാനത്തിലും യാത്രക്കാരുടെ എണ്ണത്തിലും ഗണ്യമായ കുറവ് ഉണ്ടാകാൻ സാദ്ധ്യതയുണ്ട് എന്ന നിരീക്ഷണമാണ് സമിതി നടത്തിയിട്ടുള്ളത്. ഇതുമൂലം സർക്കാരിന്മേൽ ഉണ്ടാകുന്ന അധിക ബാധ്യതയെക്കുറിച്ചും റിപ്പോർട്ടിൽ

പ്രതിപാദിക്കുന്നുണ്ട്.

**(ഡി)** പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ വന്നിട്ടുള്ള കാലതാമസം മൂലം പദ്ധതി ചെലവിൽ എന്ത് വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

**(ഡി)** പദ്ധതി അടങ്കൽ തുക 6728 കോടി രൂപയിൽ നിന്ന് 7446 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധനവിന്റെ ഒരു ഭാഗം രൂപകല്പനയിലുള്ള മാറ്റങ്ങൾമൂലം ഉണ്ടായിട്ടുള്ളതാണ്.

**(ഇ)** തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയുടെ അന്തിമ റിപ്പോർട്ട് കേന്ദ്രത്തിന് അടിയന്തരമായി സമർപ്പിച്ച് അനുമതി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**(ഇ)** പദ്ധതി റിപ്പോർട്ടുകൾക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം ലഭിച്ച ശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ